122-ൽ പെടുന്നതുമായ 100 ഹെക്ടർ പ്രിയദർശിനി തേയിലത്തോട്ടത്തിൽ ഉൾപ്പെട്ട 10 ഹെക്ടർ ഭൂമിയാണ് പ്ലാന്റേഷൻ കോ-ഓപ്പറേറ്റീവ് ഭരണ സമിതി യോഗതീരുമാന പ്രകാരം 'എൻ ഊര് ' പദ്ധതിക്കായി കണ്ടെത്തിയിട്ടുള്ളത്. പദ്ധതിക്കായി വനഭൂമി ഏറ്റെടുത്തിട്ടില്ല.

മാതൃകാ പട്ടികവർഗ്ഗ കോളനികൾ

192(2182) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ആദിവാസി കോളനികളെയാണ് മാതൃകാ പട്ടികവർഗ്ഗ കോളനി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്നും ആയത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 5 കോളനികളെയാണ് മോഡൽ കോളനി പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൊല്ലം ജില്ലയിലെ കരിയോട്ടമല, പത്തനംതിട്ട ജില്ലയിലെ ചാലക്കയം, വയനാട് ജില്ലയിലെ കരാപ്പുഴ, വാകേരി, കുഞ്ഞോം എന്നിവയാണ് ടി 5 മോഡൽ കോളനികൾ.

(ബി) ഓരോ മോഡൽ കോളനിയിലും 25 വീടുകൾ വീതം ആകെ 125 വീടുകളുടെ നിർമ്മാണ ചുമതല കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആണ് നിർവ്വഹിക്കുന്നത്. വീടുകളുടെ നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു:

1. കൊല്ലം ജില്ലയിലെ കരിയോട്ടമല മോഡൽ കോളനിയിൽ 25 വീടുകളിൽ 8 വീടുകളുടെ മേൽക്കൂര നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 4 വീടുകളുടെ റൂഫ് സ്ലാബ് പണികളും ബാക്കി 13 വീടുകളുടെ ഭിത്തിമേട്ടം നിർമ്മാണവും പുരോഗമിക്കുന്നു.

2. പത്തനംതിട്ട ജില്ലയിലെ ചാലക്കയം മോഡൽ കോളനിയിലെ വീടുകളുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്.

3. വയനാട് ജില്ലയിലെ സുൽത്താൻബത്തേരി ഞാമലംകുന്ന് മോഡൽ കോളനിയിൽ അനുവദിച്ചിരിക്കുന്ന 25 വീടുകളിൽ 20 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കി 3 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

4. കൽപ്പറ്റ പാലൂർക്കുന്ന് മോഡൽ കോളനിയിലെ വീടുകളുടെ നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല.

5. മാനന്തവാടി കുഞ്ഞോം മോഡൽ കോളനിയിലെ 25 വീടുകളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

ആദിവാസി സംരക്ഷണം

193(2183) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളെ മുഖ്യധാരയിലെത്തിക്കുന്നതിന് സർക്കാരിന്റെ പ്രവർത്തനങ്ങളിലൂടെ സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ആദിവാസികളെ ചൂഷണം ചെയ്യുന്നത് തടയാൻ എന്തു പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ആദിവാസികളെ ചൂഷണത്തിൽനിന്ന് സംരക്ഷിക്കുന്നതിന് ഉത്തരവാദപ്പെട്ട അധികാരികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസ, ആരോഗ്യ, സ്വയം തൊഴിൽ മേഖലകളിലായി വിവിധ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ആയതിൽ പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. വിദ്യാഭ്യാസ പദ്ധതികൾ :- 10-ാംതരം വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനത്തിനായി പ്രീ-മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങളും 10-ാം ക്ലാസിനുശേഷം പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങളും വിതരണം ചെയ്തുവരുന്നുണ്ട്. ഇതുകൂടാതെ 14 വയസു വരെയുള്ള കുട്ടികൾക്ക് ഭരണഘടന ഉറപ്പ് വരുത്തുന്ന സൗജന്യ വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിനായി ദുർഘട വനപ്രദേശങ്ങളിലോ മതിയായ വാഹന സൗകര്യം ഇല്ലാതെ പ്രയാസമനുഭവിക്കുന്നതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly